# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 16 No. 6 | PUBLISHED FROM DELHI | PRICE Rs. 3/- | JUNE 2012


## പി.എം.എഫ്.ഐ. യുടെ ആഭിമുഖ്യത്തിൽ ഓർഡിനേഷൻ സർവ്വീസ്

**ന്യൂഡൽഹി:** ഡൽഹിയിലും പരിസര പ്രദേശങ്ങളിലും ഉള്ള സ്വതന്ത്ര പെന്തക്കൊസ്ത് സംഘടനകളുടെ സംയുക്ത കൂട്ടായ്മയായ പെന്തക്കൊസ്തൽ മിഷൻസ് ഫെലോഷിപ്പ് ഓഫ് ഇന്ത്യ (പി.എം.എഫ്.ഐ.) യുടെ ആഭിമുഖ്യത്തിൽ 2012 മെയ് 13-ാം തീയതി ഓർഡിനേഷൻ സർവ്വീസ് നടത്തപ്പെട്ടു. പാസ്റ്റർ റ്റി.ജി. സൈമൺ പ്രാർത്ഥിച്ചാരംഭിച്ച യോഗത്തിൽ ന്യൂടെസ്റ്റ്മെന്റ് ചർച്ച് ഡൽഹി റീജൻ ഓവർസിയർ പാസ്റ്റർ പി.ജെ. ജോസഫ് അദ്ധ്യക്ഷനായിരുന്നു. ഐപിസി നോർത്തേൺ റീജൻ വൈസ് പ്രസിഡന്റ് റവ.ഡോ. ലാജി പോൾ സങ്കീർത്തനം 78:70-72 വരെയുള്ള വാക്യങ്ങൾ ആസ്പദമാക്കി മുഖ്യസന്ദേശം നൽകി.

ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി ഓർഡിനേഷൻ സർവ്വീസിന് നേതൃത്വം നൽകി. പെന്തക്കൊസ്തൽ മിഷൻസ് ഫെലോഷിപ്പ് ഓഫ് ഇന്ത്യ ജനറൽ സെക്രട്ടറി പാസ്റ്റർ എൻ.പി. ഫിലിപ്പ് സർട്ടിഫിക്കറ്റുകളും പാസ്റ്റർ പി.കെ. അച്ചൻകുഞ്ഞ് സമ്മാനങ്ങളും വിതരണം ചെയ്തു. പി.എം.എഫ്.ഐ. ചെയർമാൻ പാസ്റ്റർ രമേശ് ഇ. മാധവൻ സ്വാഗതവും പാസ്റ്റർ ട്രഷറാർ വി.റ്റി. തോമസ് നന്ദിയും പ്രകാശിപ്പിച്ചു. ഓർഡിനേഷനുമുന്നോടിയായി ത്രിദിന ബൈബിൾ ക്ലാസ്സും ഇന്റർവ്യൂവും നടത്തിയിരുന്നു. പാസ്റ്റർമാരായ ജോസ് സാമുവൽ, അലോഷ്യസ് റ്റി.പി., ചന്ദ്രപ്രസാദ്, വി.റ്റി. തോമസ്, രമേശ് ഇ. മാധവൻ, എൻ.പി. ഫിലിപ്പ് എന്നിവർ ബൈബിൾ ക്ലാസ്സിനു നേതൃത്വം നൽകി.



*പാസ്റ്റർ എം. സാമുവൽകുട്ടി സംസാരിക്കുന്നു. പാസ്റ്റർമാരായ എൻ.പി. ഫിലിപ്പ്, ജോസ് സാമുവൽ, റവ.ഡോ. ലാജി പോൾ, ഇ.എം. രമേശ് എന്നിവർ വേദിയിൽ*

## ന്യൂലൈഫ് ലീഡർഷിപ്പ് അക്കാദമിയുടെ പ്രഥമ ബിരുദദാന ചടങ്ങ്

**ന്യൂഡൽഹി:** ന്യൂലൈഫ് ലീഡർഷിപ്പ് അക്കാദമിയുടെ പ്രഥമ ബിരുദദാന ചടങ്ങ് മെയ് 6-ാം തീയതി ഖാൻപൂരിലുള്ള മസ്സീഖർ പ്രാർത്ഥനാ ഭവനത്തിൽ വച്ച് അനുഗ്രഹമായി നടന്നു. യേശു ക്രിസ്തുവിന്റെ സാക്ഷികൾ ആകുവിൻ എന്ന വിഷയത്തെ ആസ്പദമാക്കി റവ. ജിൻ റോബിനറ്റ് ദൈവവചനം ശുശ്രൂഷിച്ചു. പാസ്റ്റർ രമേശ് ഇ. മാധവൻ വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പാസ്റ്റർ എം. സാമുവൽകുട്ടി ബിരുധദാരികളെ സുവിശേഷ വേലയ്ക്കായി സമർപ്പിച്ച് പ്രാർത്ഥിച്ചു. പാസ്റ്റർ ജോസ് സാമുവൽ അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർമാരായ ജോൺലി, അനിൽ ജോൺസൺ, വി.റ്റി. തോമസ് എന്നിവർ ആശംസ അറിയിച്ചു.




*ന്യൂലൈഫ് ലീഡർഷിപ്പ് അക്കാദമിയുടെ പ്രഥമ ബിരുദദാന വേദിയിൽ നിന്ന് ഒരു ദൃശ്യം*

## ഹംഗറിയുടെ പുതിയ ഭരണഘടന ക്രൈസ്തവ ദർശനങ്ങളിൽ അധിഷ്ഠം

ഹംഗറിയിൽ കഴിഞ്ഞ ജനുവരി ഒന്നിന് പ്രാബല്യത്തിൽ വന്ന പുതിയ ഭരണഘടന യൂറോപ്പിൽ ക്രൈസ്തവ നവോത്ഥാനത്തിന് വഴിതെളിച്ചേക്കുമെന്ന് ഹംഗറിയുടെ വത്തിക്കാനിലെ സ്ഥാനപതി ഗാബർ ജിരിയോവാനി പ്രത്യാശിക്കുന്നു. യൂറോപ്പിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന മതനിരാസ പ്രവണതകൾക്കിടയിൽ ദൈവവിശ്വാസത്തിന്റെ ഒരു ദീപനാളം തെളിഞ്ഞിരിക്കുകയാണ്. ഹംഗറിയുടേയും യൂറോപ്പിന്റേയും പരമ്പരാഗതമായ ക്രൈസ്തവ മൂല്യങ്ങളെ തുറന്നു അംഗീകരിക്കുന്ന വകുപ്പുകൾ ഭരണഘടനയിൽ അടങ്ങിയിരിക്കുന്നുണ്ട്. ചില മതേതര സംഘടനകളും മറ്റും വിയോജിപ്പുമായി രംഗത്തുവന്നിട്ടുണ്ട്. എന്നാൽ, യൂറോപ്പ്യൻ യൂണിയന്റെ യഥാർത്ഥ സ്ഥാപക പിതാക്കൾ യൂണിയനെ ക്രൈസ്തവ മൂല്യങ്ങളിൽ അധിഷ്ഠിതമാക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്നും ക്രൈസ്തവാടിസ്ഥാനത്തിൽ നിർമ്മിതമാകുകയാണെങ്കിൽ മാത്രമേ യൂറോപ്യൻ ജനാധിപത്യം പ്രവർത്തനക്ഷമമാകുകയുള്ളുവെന്ന ആശയം പുലർത്തിയിരുന്നവരായിരുന്നു അവരെന്നും പുതിയ ഭരണഘടനയെക്കുറിച്ചുള്ള ചർച്ചകളിൽ പങ്കെടുത്തുകൊണ്ട് ജിരിയോവാനി അഭിപ്രായപ്പെട്ടു. ഭരണഘടനയുടെ ആമുഖത്തിൽ തന്നെ ഇങ്ങനെ പറയുന്നു, “ഞങ്ങളുടെ (ഹംഗേറിയൻ ജനതയുടെ) രാജാവ് വിശുദ്ധ സ്റ്റീഫൻ ഹംഗറി രാജ്യത്തെ ഉറച്ച അടിസ്ഥാനങ്ങളുടെ മേൽ അധിഷ്ഠിതമാക്കിയെങ്കിലും ഞങ്ങളുടെ രാജ്യത്തെ ക്രൈസ്തവ യൂറോപ്പിന്റെ ഭാഗമാക്കിയതിലും ഞങ്ങൾക്ക് അഭിമാനമുണ്ട്”.

ഗർഭസ്ഥ ശിശുവിന്റെ അവകാശങ്ങൾ, കുഞ്ഞുങ്ങളെ വളർത്തുന്നതിനുള്ള ചുമതല ഭരണകൂടത്തിനല്ല, മറിച്ച് മാതാപിതാക്കൾക്കാണെന്നുള്ള തത്വത്തിനു നൽകുന്ന ഊന്നൽ, സ്വവർഗ വിവാഹത്തിനോടുള്ള എതിർപ്പ് എന്നിവ പുതിയ ഭരണഘടനയുടെ സവിശേഷ ഘടകങ്ങളാണ്. സ്വവർഗ ലൈംഗീകത, ഭ്രൂണഹത്യ തുടങ്ങിവയെ വിവിധ യൂ.എൻ. സംഘടനകളുൾപ്പടെയുള്ള മനുഷ്യാവകാശ സംഘടനകൾ പിന്തുണയ്ക്കുന്നതിനാൽ അവർ പുതിയ ഭരണഘടനയെ എതിർക്കുന്നത് സ്വഭാവികം. എന്നാൽ, യൂറോപ്പിന്, വിശേഷിച്ച് കമ്മ്യൂണിസം തകർന്നതോടെ പുതിയ ജനാധിപത്യ സംവിധാനങ്ങൾ നിലവിൽ വന്നിരിക്കുന്ന പൂർവ്വ യൂറോപ്യൻ രാജ്യങ്ങൾക്ക്, ഹംഗറിയുടെ പുതിയ ഭരണഘടന നവദിശാബോധം നൽകുമെന്ന പ്രത്യാശയാണ് സഭാവൃത്തങ്ങൾക്കുള്ളത്.




## ചിൽഡ്രൻസ് ക്ലബ് ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്

**തിരുവല്ല:** ഒരു ദശകത്തിലേറെയായി പതിനായിരക്കണക്കിന് കുഞ്ഞുങ്ങൾക്കും ബാലികാബാലന്മാർക്കും സത്യമാർഗ്ഗത്തിലേക്കു വഴികാട്ടിയാകാൻ ദൈവം ഉപയോഗിച്ചുകൊണ്ടിരിക്കുന്ന തിമഥി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ചിൽഡ്രൻസ് ക്ലബ്, സണ്ടേസ്കൂൾ, കിഡ്സ് വർഷിപ്പ് എന്നിവയ്ക്ക് പരിശീലനം നൽകുന്ന ത്രിദിന പരിശീലന പരിപാടി കേരളത്തിൽ മൂന്ന് മേഖലകളിലായി സംഘടിപ്പിക്കുന്നു.

കുട്ടികളുടെ ഇടയിൽ അനുഗ്രഹീത നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അവാനാ (AWANA-Approved Workers Are Not Ashamed) അന്തർദ്ദേശീയ പരിശീലന വിഭാഗത്തിന്റെ സഹകരണത്തോടെയാണ് ഈ പരിപാടി നടത്തുന്നത്.

പ്രഥമ പരിശീലനം ജൂൺ 7,8,9 തീയതികളിൽ തിരുവനന്തപുരം മണ്ണന്തല യൂഹന്നാൻ മാർത്തോമ്മ സ്റ്റഡി സെന്ററിൽ നടക്കും. ജൂലൈ 2,3,4 തീയതികളിൽ എറണാകുളം കലൂർ റിന്യൂവൽ സെന്ററിലും ജൂലൈ 16,17,18 തീയതികളിൽ തിരുവല്ല ചരൽകുന്ന് ക്രിസ്ത്യൻ എജ്യൂക്കേഷൻ സെന്ററിലുമാണ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചിരിക്കുന്നത്.

വി.ബി.എസ്സ്., സണ്ടേസ്കൂൾ അദ്ധ്യാപകർ, യുവജന സഭാ പ്രവർത്തകർ തുടങ്ങി കുഞ്ഞുങ്ങളുടെയും ബാലികാബാലന്മാരുടെയും ഇടയിൽ പ്രവർത്തിക്കാൻ സമർപ്പണമുള്ളവർക്ക് ഈ അന്തർദ്ദേശീയ നിലവാരമുള്ള ക്യാമ്പിൽ പങ്കെടുക്കാം.

കുട്ടികളുടെ മന:ശാസ്ത്രം, പാഠം തയ്യാറാക്കൽ, ഗാന പരിശീലനം, പാഠം പഠിപ്പിക്കുന്നത്, ഒരു കഥയെ പാഠമാക്കുന്നത്, വചനം പഠിപ്പിക്കുന്നത് മുതലായ വിഷയങ്ങൾ ദൃശ്യമാധ്യമങ്ങളുടെ സഹായത്തോടെ പഠിപ്പിക്കുന്നു.

പ്രവേശനം സൗജന്യമായ ഈ ക്യാമ്പിൽ ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്കായി പ്രവേശനം നിജപ്പെടുത്തിയിരിക്കുന്നു. ഒരു സഭയിൽ നിന്ന് താല്പര്യമുള്ള രണ്ടുപേർക്ക് സഭാശുശ്രൂഷകന്റെ ശുപാർശയോടുകൂടെ അപേക്ഷിക്കാം. വിജയകരമായി ട്രെയിനിങ്ങ് പൂർത്തിയാക്കുന്നവർക്ക് പഠന വസ്തുക്കളും സർട്ടിഫിക്കറ്റും നൽകുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും ബന്ധപ്പെടുക *:9745647909, 9656217909.*

പത്രാധിപ ലേഖനം.......

# നമ്മുടെ കുട്ടികൾക്ക് വേണ്ടത് ജീവിതാഭ്യാസനം



ഒരു അദ്ധ്യയനവർഷം കൂടി ആരംഭിച്ചിരിക്കുകയാണ്. കുട്ടികൾ മധ്യവേനലവധിക്കാലത്തിന് ശേഷം വീണ്ടും വിദ്യാലയങ്ങളിൽ എത്തിത്തുടങ്ങി. ഒരുപാട് പ്രതീക്ഷകളുമായാണ് മാതാപിതാക്കൾ കുട്ടികളെ വിദ്യാലയങ്ങളിലേക്ക് പറഞ്ഞയയ്ക്കുന്നത്. അവർക്ക് നല്ല ഭാവി ഉണ്ടാകണം, വാർദ്ധക്യത്തിൽ അവർ തങ്ങൾക്ക് തണലായിരിക്കണം എന്നിങ്ങനെ ഒരുപിടി സ്വപ്നങ്ങൾ മിക്കവാറും മാതാപിതാക്കളുടെയും ഹൃദയങ്ങളിലുണ്ട്. ഈ സ്വപ്നങ്ങൾ പൂവണിയും എന്ന ഉറച്ച വാഗ്ദാനം നൽകിയാണ് പല വിദ്യാലയങ്ങളും കുട്ടികളെ അവിടെ പഠിപ്പിക്കുവാൻ മാതാപിതാക്കളെ അവിടേക്ക് ആകർഷിക്കുന്നത്.

നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം പക്ഷേ, പ്രതീക്ഷകളെ നിറവേറ്റാൻ പ്രാപ്തമാണോ എന്ന് ആരായുമ്പോൾ തന്നെ ഈ പ്രതീക്ഷകൾക്ക് അപ്പുറം ഒരു വിദ്യാർത്ഥിയേക്കുറിച്ച് എന്തൊക്കെ ആഗ്രഹിക്കാം എന്ന കാര്യവും കൂടി ചർച്ച ചെയ്യപ്പെടേണ്ടതാണ്. വിദ്യാർത്ഥികൾ ഒരു നല്ല ഉദ്യോഗം/തൊഴിൽ ഉന്നം വച്ച് അതിലെ ഉയർച്ചയ്ക്കായി മാത്രം ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന കരിയറിസ്റ്റുകൾ മാത്രം ആയാൽ മതിയോ? അതോ മാനവികതയുടെ ഉദാത്ത ഭാവങ്ങളായ സ്നേഹവും കരുണയും പ്രകടിപ്പിക്കുന്ന നല്ല മനുഷ്യരായി കൂടെ ആയിത്തീരണമോ?

നമ്മുടെ കുട്ടികൾ പഠിക്കുന്ന പാഠപുസ്തകങ്ങൾ, അവരെ പരിശീലിപ്പിക്കുന്ന അദ്ധ്യാപന രീതികൾ തുടങ്ങിയവ അവരെ നല്ല മനുഷ്യരാക്കി വാർത്തെടുക്കുവാൻ ശേഷിയുള്ളവയോ എന്ന പരിശോധനയ്ക്ക് വിധേയമാക്കേണ്ടതായുണ്ട്. ഇപ്പോൾ മിക്ക വിദ്യാഭ്യാസ സ്ഥാപനങ്ങളും അവരുടെ പരസ്യങ്ങളിലും ഒക്കെ അവകാശപ്പെടുന്നത് വിദ്യാർത്ഥികളെ നല്ല മനുഷ്യരായി വാർത്തെടുക്കാവുന്ന Beyond വേല Curriculum (പാഠ്യപദ്ധതിക്ക് അപ്പുറം) എന്ന സമീപനം പുലർത്തുന്നുണ്ടെന്നാണ്. സാമൂഹിക ബോധമുള്ള, ഉത്തരവാദിത്വമുള്ള വിശ്വപൗരന്മാരായി അവരെ രൂപാന്തരപ്പെടുത്താനുള്ള ശ്രമങ്ങൾ അവർ നടത്തിവരുന്നതായി അവർ പറയുന്നു. പരസ്യങ്ങളും അവകാശവാദങ്ങൾക്കുമപ്പുറം യാഥാർത്ഥ്യങ്ങളാണിവ എന്ന് നമുക്ക് വിശ്വസിക്കാം.

കഴിഞ്ഞ മാസത്തിന് മുമ്പ് ഹിന്ദുസ്ഥാൻ ടൈംസ് (ഏപ്രിൽ 27) ഒരു വാർത്ത കൊടുത്തത് കൗതുകകരമായി. പ്രിസം ഹൗസ് പബ്ലിക്കേഷൻസ് ഉത്തർപ്രദേശിലെ സ്വകാര്യ നേഴ്സറി സ്കൂളുകളിലെ കുട്ടികൾക്ക് ഹിന്ദി അക്ഷരമാല പഠിപ്പിക്കുവാൻ പ്രസിദ്ധീകരിച്ച 'അലോക് ശബ്ദ്' എന്ന പുസ്തകത്തിൽ 'ബ' എന്ന അക്ഷരംകൊണ്ടുള്ള വാക്കിന് 'ബം' (ബോംബ്) എന്നും 'ച' എന്ന അക്ഷരംകൊണ്ടുള്ള വാക്കിന് 'ചാക്കു' (കത്തി) എന്നുമാണ് കാണിച്ചിരിക്കുന്നത്. ഇനിയും മറ്റൊരു പുസ്തകം എട്ടാം ക്ലാസ്സിൽ മോറൽ സയൻസ് (സാന്മാർഗിക പാഠം) പഠിപ്പിക്കുന്ന, ന്യൂഡൽഹിയിലെ ഗുരുകുൽ പബ്ലിക്കേഷൻസ് പുറത്തിറക്കിയ ന്യൂവേബ്ളും ആണ്. ഇതിൽ ഭാരതത്തിന്റെ ദേശീയ പതാക തലതിരിച്ചത്രെ കൊടുത്തിരിക്കുന്നത്! അബദ്ധം മനസ്സിലാക്കിയ പ്രസാധകർ പറയുന്നത് പുസ്തകം ഉടൻ പിൻവലിക്കുമെന്നാണ്. (വാർത്ത വായിച്ച ചിലരുടെ ആത്മഗതം: വെറുതെയല്ല ഉത്തർ പ്രദേശിനെ ഉൾട്ടാ (തലതിരിഞ്ഞ) പ്രദേശ് എന്ന് പറയുന്നത്).

ബോംബിനെക്കുറിച്ചും കത്തിയെക്കുറിച്ചും അല്ല മൂന്ന് വയസ്സുള്ള പിഞ്ചു കുട്ടികളെ പഠിപ്പിക്കേണ്ടത് എന്ന് മാതാപിതാക്കൾ രോഷാകുലരാകുന്നു. വിദ്വേഷവും ഹിംസയും നിഷേധാത്മക മനോഭാവവും പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുന്ന വാക്കുകൾ ഉൾപ്പെടുത്തുന്നത് മിക്ക സ്കൂൾ ബോർഡുകളും ഒഴിവാക്കുന്നു. സി.ബി.എസ്.ഇ. യുടെ ലക്നോ കോർഡിനേറ്റർ ആയ ജാവേദ് ആലം വാക്കുകളുടെ നിഷേധാത്മകമായ പ്രയോഗം വച്ചുപൊറുപ്പിക്കുകയില്ലെന്ന് പറഞ്ഞിരിക്കുകയാണ്. സംസ്ഥാന വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടറായ വികാസ് ശ്രീവാസ്തവ *ഹിന്ദുസ്ഥാൻ ടൈംസി*നോട് പറഞ്ഞത് ഈ പുസ്തകം പഠിപ്പിക്കുന്ന സ്കൂളുകൾക്ക് നോട്ടിസ് നൽകുമെന്നാണ്. ഏതായാലും ഭാരതമൊട്ടാകെ ഒരു സമഗ്ര പരിശോധന നടത്തിയാൽ അറിയാൻ പറ്റും ഇത്രയെത്ര പുസ്തകങ്ങൾ വിദ്യാഭ്യാസ രംഗത്ത് പ്രചാരത്തിലുണ്ടെന്ന്.

നമ്മുടെ വിദ്യാലയങ്ങളിൽ വിദ്യ അഭ്യസിപ്പിക്കുമ്പോൾ ജീവിതം കൂടി അഭ്യസിപ്പിക്കേണ്ടതുണ്ട്. അവരുടെ വിദ്യാഭ്യാസ കാലത്തു തന്നെ അവരുടെ ജീവിതവിക്ഷണം കൂടി രൂപപ്പെടുത്തിയെടുക്കുവാൻ അദ്ധ്യാപകരും മാതാപിതാക്കളും ദത്തശ്രദ്ധേയരായിരിക്കണം. വിദ്വേഷവും ഹിംസയും നിഷേധാത്മക മനോഭാവവും അവരിൽ വളർത്തിയെടുക്കുന്നതിന് പകരം സ്നേഹവും സമാധാനഭാവവും പ്രസാദാത്മകതയും വളർത്തിയെടുക്കണം. സ്വാർത്ഥതാല്പര്യങ്ങൾ നിവർത്തിക്കുന്നതിന് പകരം മറ്റുള്ളവരുടെ കൂടി താല്പര്യങ്ങൾ സംരക്ഷിക്കുന്നതിലും ശുഷ്ക്കാന്തി കാണിക്കുന്നവരായി അവരെ മാറ്റണം. ജീവിതവിജയത്തിനുള്ള ലക്ഷ്യബോധത്തോടൊപ്പം ധാർമ്മിക ബോധവും അവരിൽ നിക്ഷിപ്തമാക്കണം. സ്വന്തം സംസ്ക്കാരത്തെ മാത്രമല്ല, മറ്റ് സംസ്ക്കാരങ്ങളെയും ആശയങ്ങളെയും ബഹുമാനിക്കുന്ന ശീലം അവരിൽ വളർത്തിയെടുക്കണം.

എന്നാൽ, ക്രിസ്തീയ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട ഒരു കാര്യം, ബഹുവിശ്വാസ-സംസ്ക്കാര പശ്ചാത്തലങ്ങളിൽ മക്കൾ ജീവിക്കുമ്പോൾ ക്രൈസ്തവതയുടെ അടിസ്ഥാനതത്വങ്ങൾ ജീവിതവീക്ഷണമായി സ്വീകരിക്കുന്നതിൽ അവർ വിട്ടുവീഴ്ച ചെയ്യരുത് എന്നതാണ്. ഒരു ബഹുസ്വര സമൂഹത്തിൽ ജീവിക്കുമ്പോൾ, ക്രൈസ്തവേതര വിശ്വാസങ്ങൾ പുലർത്തുന്നവരുടെ ഭാവനകൾ വ്യണപ്പെടുത്തരുത് എന്നുള്ളപ്പോൾ തന്നെ ഏകദൈവ വിശ്വാസം മുറുകെ പിടിച്ച് ക്രിസ്തോപദേശങ്ങൾ ജീവിതത്തിൽ അനുവർത്തിക്കുന്നവരായിരിക്കേണം ക്രൈസ്തവ തലമുറ.

'ചൊട്ട മുതൽ ചൊടല വരെ' എന്നൊരു പഴഞ്ചൊല്ല് മലയാളത്തിൽ പ്രചാരത്തിലുണ്ട്. ബാല്യത്തിൽ വളർത്തിൽ വളർത്തിയെടുക്കുന്ന ശീലങ്ങൾ മരണം വരെ വിട്ടുമാറുകയില്ലെന്നാണ് ഇതിന്റെ സാരം. ഇത് വേദപുസ്തകത്തിൽ നിന്നും ലഭിച്ച ആശയമായിരിക്കാനാണ് സാധ്യത. "ബാലൻ നടക്കേണ്ട വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല" (സദൃശ്യവാക്യങ്ങൾ 22:6) എന്നാണ് ജ്ഞാനികളുടെ ജ്ഞാനിയായ ശലോമോൻ പറഞ്ഞിട്ടുള്ളത്. ആയതിനാൽ, വിശ്വാസികൾ അവരുടെ മക്കളിൽ ചെറുപ്രായത്തിൽ തന്നെ നല്ല ശീലങ്ങളുടെ വിത്തുകൾ പാകണം. അവർ വലുതാകുമ്പോൾ തക്ക വിള പുറപ്പെടുവിക്കും. സ്വന്തം അഭിലാഷങ്ങൾ സഫലീകരിക്കുന്നത് ജീവിതവിജയമായി കണ്ട് പരക്കം പായുന്ന സമകാലിക ലോകത്ത് ദൈവസ്നേഹത്തിൽ അധിഷ്ഠിതമായ മാനവികതയുടെ മകുടോദാഹരണങ്ങളായി ക്രൈസ്തവ കുടുംബത്തിലെ കുട്ടികൾ വളർന്നുവരട്ടെ!

*- പാസ്റ്റർ എം. സാമുവൽകുട്ടി*

## പരിവർത്തിത ക്രൈസ്തവ വികസന കോർപറേഷൻ ചെയർമാനായി പെന്തക്കോസ്തു യുവാവ്



***ഷിൻസ് പീറ്റർ***

**കോട്ടയം:** സംസ്ഥാന പരിവർത്തിത ക്രൈസ്തവ വികസന കോർപറേഷന്റെ ചെയർമാനായി വാഴൂർ പുളിക്കൽ കവല പൂവത്തുംകുഴി ഐ.പി.സി. ശാലോം സഭാംഗമായ ഷിൻസ് പീറ്റർ (31) നിയമിതനായി. വാഴൂർ പുളിക്കൽ കവല കുറവുപറമ്പിൽ കെ.പി. പീറ്റർ-വത്സമ്മ ദമ്പതികളുടെ മകനായ ഇദ്ദേഹം ഈ പദവിയിൽ എത്തുന്ന ആദ്യത്തെ ദളിത് വിഭാഗത്തിൽ നിന്നുള്ളയാളാണ്. ആത്മീയ പ്രവർത്തനങ്ങളിലും സജീവ സാന്നിദ്ധ്യമായ ഷിൻസ് തന്റെ സ്കൂൾതലം മുതൽ രാഷ്ട്രീയ പ്രവർത്തനങ്ങളിലും സജീവമായിരുന്നു. കെ.എസ്.യു. യൂണിറ്റ് പ്രസിഡന്റ് മുതൽ ജില്ലാ പ്രസിഡന്റു വരെയായി. ജനശ്രീ, ജവഹർ ബാലജനവേദി എന്നിവയുടെ ജില്ലാ കോ-ഓർഡിനേറ്റർ ആയും പ്രവർത്തിച്ചു.

*കടപ്പാട്: ക്രൈസ്തവ സന്ദേശം*

## ലഭിക്കാതെ പോയ സ്നേഹം

(മൂന്നാം പേജിൽ നിന്ന് തുടർച്ച)

നിൽ ഉടലെടുക്കുവാൻ സാദ്ധ്യതയുണ്ട്. പിതാവു മക്കളെയും അമ്മയെയും ഉപേക്ഷിച്ചു പോയെങ്കിൽ ദൈവം മനുഷ്യനെ ഉപേക്ഷിച്ചു പോകുന്നവനാണ് എന്ന ഒരു സങ്കൽപ്പം ഉടലെടുക്കും.

ആൾക്കൂട്ടത്തെ ഭയമുള്ള ഒരു മനുഷ്യനെ ഞാൻ കണ്ടുമുട്ടി. തന്നിലുള്ള ആന്തരിക മുറിവുകളുടെ കാരണങ്ങൾ താൻ വിശദീകരിച്ചു. കുടുംബ കലഹങ്ങൾ ഉള്ള ഒരു വീട്ടിലാണ് താൻ ജനിച്ചു വളർന്നത്. അപ്പൻ ദിവസേന മദ്യപിച്ചു വന്ന് തന്റെ അമ്മയെ മർദ്ദിക്കുമായിരുന്നു. താൻ അകത്തെ മുറിയിലുള്ള കട്ടിലിനടിയിൽ ഭയപ്പെട്ടൊളിച്ചിരിക്കും. തനിക്ക് എട്ടു വയസ്സുള്ളപ്പോൾ മദ്യപിച്ചു വന്ന അപ്പൻ തന്റെ അമ്മയെ കത്തികൊണ്ട് കുത്തി. വാവിട്ടു നിലവിളി ഉയർന്ന ആ വീട്ടിൽ നിന്ന് അപ്പൻ ഓടിപ്പോയി. പിന്നീട് ജീവതത്തിൽ ഒരിക്കലും താൻ തന്റെ അപ്പനെ കണ്ടിട്ടില്ല. ഇന്നും അപ്പനെക്കുറിച്ചുള്ള ഓർമ്മ മനസ്സിൽ വരുമ്പോൾ രക്തം പുരണ്ട കത്തിയുമായി നിൽക്കുന്ന ആ മനുഷ്യനാണ് കണ്ണിൻ മുൻപിൽ വരുന്നത്.

ഇന്ത്യയുടെ വടക്കു കിഴക്കുള്ള ചില സംസ്ഥാനങ്ങളിൽ ഇന്നും ബഹുഭാര്യാത്വം നിലവിലുണ്ട്. ചില പുരുഷന്മാർക്ക് ഏഴിലധികം ഭാര്യമാരുണ്ട്. അങ്ങനെയുള്ളവർക്ക് പല ഭാര്യമാരിൽ നിന്ന് അമ്പതും അറുപതും കുട്ടികൾ ജനിക്കും. ഒരിക്കൽ ഒരു പെൺകുട്ടിയോട് ഞാൻ ചോദിച്ചു. "നിനക്ക് എത്ര സഹോദരിസഹോദരന്മാരുണ്ട്. അവൾ കുറെനേരം ചിന്തിച്ചിട്ട് മറുപടി പറഞ്ഞു. ഏകദേശം മുപ്പത് മുപ്പത്തിയഞ്ച് കാണുമായിരിക്കും". ആ മറുപടി എന്നെ അമ്പരപ്പിച്ചു. അങ്ങനെ വളരുന്ന കുട്ടികൾക്ക് പിതാവിന്റെയോ മാതാവിന്റെയോ സ്നേഹം ലഭിക്കയില്ല. ഇപ്രകാരമുള്ള പശ്ചാത്തലത്തിൽ വളർന്ന ഒരു യുവാവ് "എന്താണ് ഒരു അമ്മയുടെ സ്നേഹം?" എന്ന് എന്നോട് ചോദിച്ചു. "അമ്മയുടെ സ്നേഹം പോലെയാണ് യേശുവിന്റെ സ്നേഹം എന്ന് നിങ്ങൾ പ്രസംഗിച്ചു. അങ്ങനെയെങ്കിൽ എനിക്കാ സ്നേഹം വേണ്ട" എന്ന് അവൻ പറഞ്ഞു. ഞാൻ അവനു വിശദീകരിച്ചു പറഞ്ഞു കൊടുത്തു. "അമ്മ സ്നേഹിച്ചില്ലെങ്കിലും നമ്മെ സ്നേഹിക്കുന്നവനാണ് യേശു. പരിധികൾ ഇല്ലാതെ നമ്മെ സ്നേഹിക്കുവാൻ പ്രാപ്തനാണ് യേശു". ഇന്ന് ലോക വ്യാപകമായിട്ടുള്ള തീവ്രവാദികൾക്കു പിന്നിൽ സ്നേഹം ലഭിക്കാതെ വളർന്നു വന്ന ഒരു തലമുറയെയാണ് നമുക്ക് കാണുവാൻ കഴിയുന്നത്.

*(ലേഖകന്റെ 'ആന്തരിക സൗഖ്യം' എന്ന പുസ്തകത്തിൽ നിന്ന്)*

*(തുടരും...)*


### വരിസംഖ്യ

വരിസംഖ്യ നിരക്ക് ഒരുവർഷത്തേക്ക്

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ, |
| ഗൾഫ് | :300 രൂപ, |
| യു.എസ് | :10 $, |
| കാനഡ | :10 $ |


### ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ,വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


### എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ

പാസ്റ്റർ എം. സാമുവൽകുട്ടി

അസ്സോസിയേറ്റ് എഡിറ്റേഴ്സ്

തോമസ് ഡാനിയേൽ

പാസ്റ്റർ ബിജു ബഞ്ചമിൻ

ജോൺ ടി. വർഗ്ഗീസ്

ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ

ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വിശ്വാസി അറിഞ്ഞിരിക്കേണ്ടവ

# വിശ്വാസിയും പരദേശ വാസവും



പാസ്റ്റർ ബിജു തങ്കച്ചൻ
മുംബൈ

ക്രിസ്ത്യാനികൾ ആയതുനിമിത്തം ക്രൂരമായ പീഢനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന വിശ്വാസികളെ ലക്ഷ്യമാക്കിയാണ് പത്രൊസ് അപ്പൊസ്തലൻ തന്റെ പ്രഥമ ലേഖനം എഴുതിയത്. പൊന്തോസിലും ഗലാത്യയിലും കപ്പദോന്യയിലും ആസ്യയിലും ബിഥുന്യയിലും ഒക്കെയായി വിശ്വാസി സമൂഹം ക്രൂരമായ പീഢനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ക്രിസ്തുവിന്റെ നാമം ഹേതുവായി നിന്ദ സഹിച്ചും നാനാ പരീക്ഷകളാൽ ക്ലേശം അനുഭവിച്ചും ഇരിക്കുന്ന ദൈവമക്കളെ വിശ്വാസത്തിൽ ഉറപ്പിച്ചും ഭാവി പ്രത്യാശയിൽ സ്ഥിരപ്പെടുത്തിയും അപ്പൊസ്തലൻ ലേഖനം എഴുതി.

മൂപ്പന്മാർക്ക് ഒരു കൂട്ടുമൂപ്പനും ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിന് സാക്ഷിയും അപ്പോൾ തന്നെ വെളിപ്പെടുവാനുള്ള തേജസ്സിന് കൂട്ടാളിയുമായ പത്രൊസ് ഈ ലേഖനം എഴുതുന്നത് ദൈവ നിയോഗം ഏറ്റെടുത്താണ് (ലൂക്കൊ. 22:32). അനേക വർഷങ്ങൾക്കു മുമ്പ് തന്റെ ഗുരുനാഥൻ തന്നെ ഏൽപ്പിച്ച ദൗത്യത്തിന്റെ പൂർത്തീകരണം.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ചിതറി പാർക്കുന്ന ദൈവജനത്തിന് അവർ അനുഭവിക്കുന്ന പ്രയാസങ്ങളുടെ നടുവിൽ ധൈര്യത്തിന്റെയും പ്രത്യാശയുടെയും വാക്കുകൾ പകർന്നു നൽകിക്കൊണ്ട് പത്രൊസ് ലേഖനം എഴുതി. ക്രിസ്തുവിന്റെ അനുയായികൾ ആയതിനാൽ കഷ്ടം സഹിക്കുന്നവർ. ക്രിസ്ത്യാനികൾ ആയതിന്റെ പേരിൽ വലിയ വില കൊടുക്കേണ്ടി വന്നവർ. ചെയ്യാത്ത തെറ്റിന് ശിക്ഷ അനുഭവിക്കുന്നവർ. അവരെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തുക എന്നത് തന്റെ ഉത്തരവാദിത്വമായി താൻ കണ്ടു. ആത്മീയതയിൽ ബലഹീനരും ക്ഷീണിതരുമായിരിക്കുന്നവരെ നാവുകൊണ്ട് കൊന്നുകളവാനും അവരുടെ ആത്മിക പരാജയത്തെക്കുറിച്ച് കൊട്ടിഘോഷിക്കുവാനും വെമ്പുന്ന വർത്തമാന കാലത്തിൽ പ്രത്യാശയുടെ വാക്കുകളാൽ തന്റെ വായനക്കാരെ ധൈര്യപ്പെടുത്തുവാനും വിശ്വാസത്തിൽ നിലനിർത്തുവാനും പരിശ്രമിക്കുന്ന ദൈവഭൃത്യൻ ഒരു മാതൃകയാണ്.

തന്റെ വായനക്കാരായ വിശ്വാസ സമൂഹത്തെ സംബോധന ചെയ്യുവാൻ പത്രൊസ് അപ്പൊസ്തലൻ ഉപയോഗിച്ച രണ്ട് പദപ്രയോഗങ്ങളാണ് *പരദേശിയും അവകാശിയും*.

> മരണാനന്തര ജീവിതത്തെക്കുറിച്ചും പ്രാപിക്കുവാൻ പോകുന്ന അവകാശത്തെക്കുറിച്ചും വ്യക്തമായ ഉൾക്കാഴ്ച ദൈവമക്കൾക്ക് ഉണ്ടാകണം. എങ്കിൽ മാത്രമേ ജനനം മുതൽ മരണം വരെ ദൈർഘ്യമുള്ള മണ്ണിലെ വാസത്തേക്കാൾ മരണാനന്തരമുള്ള വിണ്ണിലെ വാസത്തിനായി കാത്തിരിക്കുവാൻ നമുക്ക് സാധിക്കു

ഈ ലോകത്തിൽ വിശ്വാസികൾ അന്യരും പരദേശികളുമാണ്. സ്വന്തമല്ലാത്ത ദേശത്ത് പാർക്കുന്നവരാണ് പരദേശികൾ. നാം ചിതറി പാർക്കുന്ന പരദേശികളാണെന്നും (1:2), ഈ ലോകത്തിൽ നമുക്ക് നീതിയും ന്യായവും ലഭിക്കില്ല എന്നും, നമ്മുടെ അധികാരികളിൽ നിന്നും അനുഭാവപൂർവ്വമായ ഒരു നടപടിയും പ്രതീക്ഷിക്കരുതെന്നും അപ്പൊസ്തലൻ ഓർമ്മിപ്പിക്കുന്നു.

ഹിത്യർക്ക് അബ്രഹാമിനെക്കുറിച്ചുള്ള അഭിപ്രായം "നീ ഞങ്ങളുടെ ഇടയിൽ ദൈവത്തിന്റെ ഒരു പ്രഭുവാകുന്നു" എന്നാണെങ്കിൽ അബ്രഹാമിന് തന്നെക്കുറിച്ച് ഹിത്യരോട് പറയാനുള്ളത് "ഞാൻ നിങ്ങളുടെ ഇടയിൽ പരദേശിയും വന്നു പാർക്കുന്നവനും ആകുന്നു" (ഉല്പ. 23: 4-6) എന്നാണ്. അന്യദേശത്തു പാർക്കുന്നവനും സ്വന്തദേശത്തിനായി കാത്തിരിക്കുന്നവനുമാണ് പരദേശി. ദൈവം നൽകിയ ബഹുവിധ നന്മകൾ ബഹുമാന പുരസ്സരം അനുഭവിക്കുമ്പോൾ തന്നെ പരദേശിയുടെ മനോഭാവത്തോടെ നമുക്ക് ജീവിക്കാൻ കഴിയണം.

പ്രവാസികളും പരദേശികളുമായ നിങ്ങൾ ആത്മാവിനോട് പോരാടുന്ന ജഡമോഹങ്ങളെ വിട്ടകലണം. ദുഷ്പ്രവൃത്തിക്കാർ എന്നു ദുഷിക്കുന്നവരുടെ ഇടയിൽ നന്നായി നടക്കണം (2:11-12). നല്ല പ്രവൃത്തികളെ കണ്ടറിഞ്ഞ് സന്ദർശന ദിവസത്തിൽ ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിന് നമ്മുടെ നടപ്പ് നന്നായിരിക്കണം. ലോകത്തിലെ ധനത്തിലും സുഖത്തിലും നേട്ടങ്ങളിലും നിലനിൽപ്പിലും ശ്രദ്ധ കേന്ദ്രീകരിച്ച് ഈ ലോക ജീവിതത്തിൽ മാത്രമാണ് നാം ലക്ഷ്യം വച്ചിരിക്കുന്നതെങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരത്രെ (1കൊരി. 15:19).

ക്ഷണികമായ മണ്ണിലെ വാസത്തിൽ നാം പരദേശികളാണെങ്കിലും നിത്യമായ വിണ്ണി

ക്ഷണികമായ മണ്ണിലെ വാസത്തിൽ നാം പരദേശികളാണെങ്കിലും നിത്യമായ വിണ്ണിലെ വാസത്തിൽ നാം അവകാശികളാണ്. ക്ഷയം, മാലിന്യം, വാട്ടം എന്നിവയ്ക്ക് സാധ്യതയുള്ള മണ്ണിലെ അവകാശത്തിനായിട്ടല്ല മറിച്ച് ഇവയൊന്നും ഇല്ലാത്ത ശ്രേഷ്ഠവും നിത്യവുമായ അവകാശത്തിനായി നമ്മെ വീണ്ടും ജനിപ്പിച്ചിരിക്കുകയാണ്. ആകയാൽ നിത്യതയിൽ മനസ്സുറപ്പിച്ച് നിർമ്മദരായി യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിങ്കൽ നിങ്ങൾക്ക് വരുവാനുള്ള കൃപയിലും ലഭിക്കുവാനുള്ള അവകാശത്തിലും പൂർണ്ണപ്രത്യാശ വച്ചുകൊള്ളണം.

മരണാനന്തര ജീവിതത്തെക്കുറിച്ചും പ്രാപിക്കുവാൻ പോകുന്ന അവകാശത്തെക്കുറിച്ചും വ്യക്തമായ ഉൾക്കാഴ്ച ദൈവമക്കൾക്ക് ഉണ്ടാകണം. എങ്കിൽ മാത്രമേ ജനനം മുതൽ മരണം വരെ ദൈർഘ്യമുള്ള മണ്ണിലെ വാസത്തേക്കാൾ മരണാനന്തരമുള്ള വിണ്ണിലെ വാസത്തിനായി കാത്തിരിക്കുവാൻ നമുക്ക് സാധിക്കു.

ചിലർ മരണാനന്തര ജീവിതത്തെക്കുറിച്ച് ചിന്തിക്കാറില്ല. സ്വർഗ്ഗസുഖം ഈ ഭൂമിയിൽ തന്നെ അനുഭവിക്കുവാൻ വെമ്പുന്ന ഇത്തരക്കാർ തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്ന തത്വത്തിൽ അധിഷ്ഠിതമായി ജീവിതം നയിക്കുന്നവരാണ്. സദൂക്യരെപ്പോലെ മരണാനന്തര ജീവിതത്തിലും ഭാവി ന്യായവിധിയിലും വിശ്വസിക്കാതെ പാപത്തോട് പാപം കൂട്ടി സ്വയം ബുദ്ധിമാന്മാരെന്ന് നടിച്ച് മുമ്പോട്ട് പോവുകയാണ്.

ക്ഷണികമായ മണ്ണിലെ വാസത്തിൽ നാം പരദേശികളാണെങ്കിലും നിത്യമായ വിണ്ണിലെ വാസത്തിൽ നാം അവകാശികളാണ് എന്ന യാഥാർത്ഥ്യം പത്രൊസ് അവർക്ക് വ്യക്തമാക്കി. ലോക മോഹങ്ങളിലും വീണ്ടുകുടിയിലും വെറിക്കൂത്തുകളിലും മദ്യപാനത്തിലും ധർമ്മവിരുദ്ധമായ വിഗ്രഹാരാധനയിലും നടന്നു ജാതികളുടെ ഇഷ്ടം പ്രവർത്തിച്ചുകൊണ്ട് കാലം പോക്കിയത് മതിയാക്കി ദൈവത്തിന്റെ ഇഷ്ടത്തിനായി ജീവിക്കേണ്ടതിന് പാപം വിട്ടൊഴിഞ്ഞ് പ്രാർത്ഥനയ്ക്ക് സുബോധമുള്ളവരും നിർമ്മദരുമായിരുന്നുകൊണ്ട് നിത്യഅവകാശത്തിനായി കാത്തിരിക്കുവാൻ പത്രൊസ് പ്രബോധിപ്പിക്കുന്നു.

സകലവും വിട്ട് നിന്നെ അനുഗമിച്ചാൽ 'എന്തു കിട്ടും' എന്ന് ചോദിച്ച ആശങ്കാകുലനായ പത്രൊസിനെയല്ല മറിച്ച് നിത്യതയിൽ വെളിപ്പെടുവാൻ പോകുന്ന നിത്യഅവകാശത്തെക്കുറിച്ച് വ്യക്തമായ അറിവുള്ള ശക്തനായ പത്രൊസിനെ നമുക്ക് പിന്തുടരാം.

ലോകത്തിൽ പലതിന്റെയും അവകാശിയാകുവാനുള്ള പരിശ്രമത്തിൽ നിത്യമായ അവകാശം നഷ്ടപ്പെടുത്താതെ പരദേശിയെപ്പോലെ ജീവിച്ച് വരുവാനുള്ള രാജ്യത്തിന്റെ അവകാശിയായിത്തീരുവാൻ നമുക്ക് ഇടയാകട്ടെ. ■

# ലഭിക്കാതെ പോയ സ്നേഹം

(നാലാം പേജിൽ നിന്ന് തുടർച്ച)

വരെ സ്നേഹിക്കുന്നതിനു വേണ്ടി ചിലവഴിക്കുവാൻ ആർക്കും സമയമില്ല.

ഞാൻ വടക്കേ ഇന്ത്യയിലായിരുന്നപ്പോൾ ഒരു മലയാളി വിദ്യാർത്ഥിയെ കണ്ടു. അവൻ അവിടെ ഹോസ്റ്റലിൽ നിന്നു പഠിക്കുകയായിരുന്നു. അവന്റെ അപ്പനും അമ്മയും ഒരു ഗൾഫ് രാജ്യത്തിൽ ജോലി ചെയ്യുകയായിരുന്നു. വിശദമായി ഞാൻ കാര്യങ്ങൾ അന്വേഷിച്ചു. അമ്മ അവനെ പ്രസവിച്ചതിനുശേഷം മൂന്നാം മാസം അവനെ വല്യമ്മയുടെ പക്കൽ ഏല്പിച്ചിട്ടു ഗൾഫിലേക്കു പോയി. വല്യമ്മയാണ് പിന്നെ ഈ കുഞ്ഞിനെ വളർത്തിയത്. ചെറിയ ക്ലാസ്സു മുതൽ തന്നെ അവൻ ഹോസ്റ്റലിൽ നിന്നാണ് പഠിച്ചത്. പല സ്കൂളുകളിൽ മാറി മാറി പഠിച്ചു. അങ്ങനെ വടക്കേ ഇന്ത്യൻ പട്ടണത്തിലുമെത്തി. വർഷങ്ങൾ കൂടുമ്പോൾ അവധിക്കു നാട്ടിൽ വരുന്ന അപ്പനെയും അമ്മയേയും മാത്രമേ അവനറിയാമായിരുന്നുള്ളു. അപ്പോഴും അപ്പനും അമ്മയ്ക്കും ജോലിയുടെ ക്രമീകരണങ്ങൾ മൂലം ഒരുമിച്ച് ഇന്ത്യയിൽ വരുവാൻ കഴിയുകയില്ലായിരുന്നു. 14 വയസ്സുള്ള ഈ മകൻ അന്നുവരെ അപ്പന്റെയും അമ്മയുടെയും കൂടെ ഒരേ സമയം ഒരുമിച്ച് ജീവിച്ചിട്ടില്ല. ഞാൻ അവനോട് ചോദിച്ചു: "ഈ 14 വർഷങ്ങൾക്കുള്ളിൽ മൊത്തം എത്രമാസം അപ്പന്റെയോ അമ്മയുടെയോ കൂടെ താമസിച്ചിട്ടുണ്ട്?". അവൻ കണക്കു കൂട്ടി പറഞ്ഞ സംഖ്യ എന്നെ അതിശയിപ്പിച്ചു, "ഏകദേശം എട്ടോ ഒൻപതോ മാസം". ഈ തലമുറ മാതാപിതാക്കളാൽ വളർത്തപ്പെടാത്ത തലമുറ (Unparented Generation) ആണ്. ഞാൻ അവിടെ നിന്ന് യാത്ര പറയുമ്പോൾ അവനെ എന്റെ തോളോടു ചേർത്തുവച്ചു കെട്ടിപ്പിടിച്ചു. അവൻ കൈകൾ കൊണ്ട് എന്നെ മുറുക്കിപ്പിടിച്ചു കുറെ നേരം തോളിൽ കിടന്നു കരഞ്ഞെന്നു തോന്നുന്നു. ***കരയാൻ ഒരു തോൾ ഉള്ളവർ ഭാഗ്യവാന്മാർ.*** അവന്റെ അപ്പന്റെ തോളിൽ അവൻ ഇതുപോലെ കിടന്നിട്ടുണ്ടാവുമോ? സാദ്ധ്യത കുറവാണ്!!! കാരണം ആർക്കും സമയമില്ല. ട്രെയിൻ വരാൻ സമയമായതിനാൽ ഞാനും പിടിവിടുവിച്ച് അവനോട് യാത്ര പറഞ്ഞു.

**2. കുടുംബ കലഹങ്ങൾ (Family Problems)**

കുടുംബ കലഹങ്ങളുടെ നടുവിൽ വളരുന്ന കുഞ്ഞുങ്ങൾക്കു മാതാപിതാക്കളുടെ ഗുണമേന്മയുള്ള സ്നേഹം ലഭിക്കാതെ പോകുന്നു. ഭാര്യ ഭർത്താവിനെയും ഭർത്താവ് ഭാര്യയേയും വെറുക്കുവാൻ തുടങ്ങുന്നതോടു കൂടെ കുഞ്ഞുങ്ങളെ വേണ്ടുംവണ്ണം സ്നേഹിക്കാൻ കഴിയാതെ വരും. കുടുംബ കലഹങ്ങൾ വിവാഹമോചനത്തിൽ എത്തിച്ചേരുകയാണെങ്കിൽ അത് മക്കളിൽ സൃഷ്ടിക്കുന്ന ആന്തരിക മുറിവുകളുടെ ആഴം വിശദീകരണങ്ങൾക്കപ്പുറമാണ്. കുഞ്ഞുങ്ങളുടെ സാന്നിധ്യത്തിൽ വഴക്കുണ്ടാക്കുന്നത് മാതാപിതാക്കൾ അവസാനിപ്പിക്കണം. അപ്പനും അമ്മയും തമ്മിലുള്ള വാക്കേറ്റവും കൈയ്യേറ്റവും കണ്ടു വളരുന്ന കുഞ്ഞുങ്ങൾ സുരക്ഷിതത്വബോധം ഇല്ലാത്തവർ ആയിരിക്കും. മൂന്നു വയസ്സുള്ള ഒരു പിഞ്ചു കുഞ്ഞിന്റെ സകലവും അവന്റെ അപ്പനും അമ്മയും ആണ്. അവനോട് യേശു എന്നോ ദൈവം എന്നോ പറഞ്ഞാൽ അവന് ഒന്നും മനസ്സിലാവുകയില്ല. അവൻ യേശുവിനെ കാണുന്നത് അവന്റെ അപ്പനിലും അമ്മയിലും ആണ്. ഒരു വ്യക്തിയിൽ ദൈവസങ്കൽപ്പം ഉടലെടുക്കുന്നത് മാതാപിതാക്കളിലൂടെയാണ്, വിശേഷിച്ചും പിതാവിലൂടെ! മദ്യപിച്ചു വരുന്ന ക്രൂരനായ മനുഷ്യനാണ് പിതാവെങ്കിൽ ദൈവം ക്രൂരനാകുന്നു എന്ന ഒരു സങ്കൽപ്പം അവ

(ശേഷം രണ്ടാം പേജിൽ)

# പെന്തക്കൊസ്ത് വിശ്വാസി എൻ. സി. പി. സൗത്ത് ഇന്ത്യൻ സെൽ ചെയർമാൻ



*ജേക്കബ് പുതുപ്പള്ളി*

**ന്യൂഡൽഹി:** നാഷണലിസ്റ്റിക്ക് കൊങ്ങ്ഗ്രസ് പാർട്ടിയുടെ ഡൽഹി പ്രദേശ് സൗത്ത് ഇന്ത്യൻ സെൽ ചെയർമാൻ ആയി പെന്തക്കൊസ്ത് വിശ്വാസി ആയ ജേക്കബ് പുതുപ്പള്ളി തെരഞ്ഞെടുക്കപ്പെട്ടു. തലസ്ഥാന നഗരിയിലെ മലയാളികളും ഇതര ദക്ഷിണ ഭാരതീയരും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ ഈ സ്ഥാനലബ്ദി ദൈവകൃപയിൽ ശരണപ്പെട്ട് ഉപയോഗിക്കുമെന്ന് ജേക്കബ് *വിശ്വാസി*യോട് പറഞ്ഞു. കോട്ടയം പുതുപ്പള്ളിയിലെ പടിഞ്ഞാറേക്കുറ്റി കുടുംബാംഗമായ ജേക്കബ് ജനക്പുരി ഇന്ത്യ പെന്തക്കൊസ്ത് ദൈവസഭ (ശാലേം) അംഗമാണ്. സുജാത ഭാര്യയും നിജിലും നിസിയും മക്കളുമാണ്.

# കൽക്കാജി വി.ബി.എസ്സ്. 2012

**ന്യൂഡൽഹി:** ഈ വർഷത്തെ കാൽക്കാജി വി.ബി.എസ്സ്. ജൂൺ 18 മുതൽ 24 വരെ കാൽക്കാജി ഫെയ്ത്ത് ഫെലോഷിപ്പ് സഭയിൽ വച്ച് നടത്തപ്പെടും. ***'പുതുക്കം പ്രാപിക്കുക'*** എന്നതാണ് ഈ വർഷത്തെ പ്രതിപാദ്യവിഷയം. എല്ലാ ദിവസവും രാവിലെ 9.00 മുതൽ ഉച്ചയ്ക്ക് 12.30 വരെ ക്ലാസ്സുകൾ നടത്തപ്പെടും. പുതിയ പാട്ടുകൾ, ബൈബിൾ കഥകൾ, മനപ്പാഠ വാക്യങ്ങൾ, ധ്യാനം, താലന്തു പരിശോധന, പപ്പറ്റ് ഷോ, എന്നിവ ഈ വി.ബി.എസ്സിന്റെ പ്രത്യേകതകളാണ്.

24-ാം തീയതി വൈകിട്ട് 4 മണി മുതൽ കാൽക്കാജി ഡി.ഡി.എ. കമ്മ്യൂണിറ്റി ഹാളിൽ വച്ച് സമാപന സമ്മേളനം നടത്തപ്പെടും. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. പാസ്റ്റർ ബിനോയി പി. ജോൺ: 09871728600, 08826807671

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 12 - 14
NEWSPAPER REGN. No. 65362 / 97
*Price Rs. 3/-*

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website- www.indianchristianmission.com

*ആന്തരിക സൗഖ്യം*

## ലഭിക്കാതെ പോയ സ്നേഹം



**ഫിന്നി സ്റ്റീഫൻ സാമുവൽ**

**"സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; ദൈവം സ്നേഹം തന്നെ. ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിനും ലോകത്തിലേക്ക് അയച്ചു എന്നുള്ളതിനാൽ ദൈവത്തിനു നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി"** (1യോഹ. 4:8).

ഒരു വ്യക്തിയുടെ വളർച്ചയ്ക്കു ഭക്ഷണവും വെള്ളവും പ്രാണവായുവും ആവശ്യമായിരിക്കുന്നതുപോലെ സ്നേഹവും വേണം. നമ്മുടെ ജീവൻ മാതാവിന്റെയും പിതാവിന്റെയും സ്നേഹമാണ്. സ്നേഹത്തിന്റെ പുരുഷഭാഗം പിതാവിൽ നിന്ന് നമുക്ക് ലഭിക്കുന്നു. സ്നേഹത്തിന്റെ സ്ത്രൈണഭാവം മാതാവിൽ നിന്ന് നമുക്ക് ലഭിക്കുന്നു. സ്നേഹം കൂടാതെ ആരോഗ്യകരമായി നമ്മുടെ വ്യക്തിത്വം വളരില്ല.

അമ്മയുടെ ഉദരത്തിൽ ഒരു കുഞ്ഞ് രൂപമെടുക്കുമ്പോൾ മുതൽ അതിന് സ്നേഹം സ്വീകരിക്കുവാൻ കഴിയും. അപ്പന്റെയും അമ്മയുടെയും സ്നേഹം നമുക്ക് വേണം. സഹപാഠികളുടെയും സുഹൃത്തുക്കളുടെയും സ്നേഹം നമ്മുടെ വളർച്ചയ്ക്ക് വേണം. വിവാഹനന്തരം ഭാര്യാഭർത്താക്കന്മാർക്കു പരസ്പരം സ്നേഹം ലഭിക്കണം. മക്കളുടെ, കൊച്ചുമക്കളുടെ ഒക്കെ സ്നേഹം നമുക്ക് കൂടിയേ തീരു. അങ്ങനെ ജനനം മുതൽ മരണം വരെ മനുഷ്യന് സ്നേഹം ആവശ്യമാണ്. ഇത്തരത്തിൽ നമുക്ക് അവകാശപ്പെട്ട സ്നേഹം നമുക്ക് ലഭിക്കാതെ പോകുമ്പോൾ അത് നമ്മുടെ മനസ്സിൽ മുറിവുകൾ സൃഷ്ടിക്കും. സ്നേഹത്തിന്റെ കുറവു മൂലം സൃഷ്ടിക്കപ്പെടുന്ന ആന്തരിക മുറിവുകൾ ഗുരുതരങ്ങളാകുന്നു. ഇന്നത്തെ സമൂഹത്തിൽ നല്ലൊരു കൂട്ടം ആളുകൾ പല കരാണങ്ങളാൽ സ്നേഹം ലഭിക്കാതെ വളർന്നുവന്നവരാകുന്നു. നമുക്ക് അവകാശപ്പെട്ട സ്നേഹത്തിൽ അപ്പന്റെയും അമ്മയുടെയും സ്നേഹം നമ്മുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. അപ്പന്റെയും അമ്മയുടെയും സ്നേഹ ലഭ്യതയ്ക്കു തടസ്സം സൃഷ്ടിക്കുന്ന ചില സാഹചര്യങ്ങൾ താഴെ വിവരിക്കുന്നു.

**1. അപ്പന്റെയോ അമ്മയുടെയോ അസാന്നിദ്ധ്യം (Absence of Parents)**

മാതാപിതാക്കൾ ചേർന്നാണ് കുഞ്ഞുങ്ങളെ വളർത്തേണ്ടത്.

> കുടുംബ കലഹങ്ങളുടെ നടുവിൽ വളരുന്ന കുഞ്ഞുങ്ങൾക്കു മാതാപിതാക്കളുടെ ഗുണമേന്മയുള്ള സ്നേഹം ലഭിക്കാതെ പോകുന്നു. കുടുംബകലഹങ്ങൾ വിവാഹമോചനത്തിൽ എത്തിച്ചേരുകയാണെങ്കിൽ അത് മക്കളിൽ സൃഷ്ടിക്കുന്ന ആന്തരിക മുറിവുകളുടെ ആഴം വിശദീകരണങ്ങൾക്കപ്പുറമാണ്

അപ്പന്റെയോ അമ്മയുടെയോ അസാന്നിദ്ധ്യത്തിൽ വളരുന്നവർക്ക് സ്നേഹം ലഭിക്കാതെ പോകുന്നു. അപ്പൻ ഗൾഫിൽ ജോലി ചെയ്യുന്നു, അല്ലെങ്കിൽ അപ്പനും അമ്മയും ദൂരെ ദേശത്തു ജോലി ചെയ്യുന്നു. മക്കൾ ഹോസ്റ്റലിൽ വളരുന്നു. ഇത്തരത്തിലുള്ള വിവിധ സാഹചര്യങ്ങൾ ഇന്ന് നമ്മുടെ സമൂഹത്തിലുണ്ട്.

ഒരിക്കൽ ഒരു ദൈവദാസൻ തന്റെ അപ്പൻ തന്നെ ഹോസ്റ്റലിലാക്കിയ കാര്യം വിശദീകരിച്ചു. അഞ്ചു വയസ്സുള്ളപ്പോൾ ഈ കുട്ടിയെ പിതാവു ഹോസ്റ്റലിൽ വിടാൻ തീരുമാനിച്ചു. ഈ കാര്യം പറഞ്ഞപ്പോൾ അവനു ഒന്നും മനസ്സിലായില്ല. ഒരു പുതിയ മിഠായിയുടെ പേരുപോലെ അവനു തോന്നി. ഹോസ്റ്റലിൽ പോകേണ്ട ദിവസം വന്നു. അപ്പൻ അഞ്ചു വയസ്സുള്ള മകനെ ഹോസ്റ്റലിൽ എത്തിച്ചശേഷം "മോനേ, ഇനി നീ ഇവിടെയാണ് നിൽക്കേണ്ടത്" എന്നു പറഞ്ഞിട്ട് പിൻവാതിലിലൂടെ ഇറങ്ങി ഓടിക്കളഞ്ഞു. അപ്പനെ കാണാതെ വന്ന പൈതൽ നിലവിളിച്ചുകൊണ്ട് ഓരോ മുറികളിലും കയറി അന്വേഷിച്ചു. ഈ അഞ്ചു വയസ്സുകാരൻ ബഹളമുണ്ടാക്കാൻ തുടങ്ങിയപ്പോൾ അപരിചിതനായ വാർഡൻ വന്ന് അവന്റെ കൈയ്ക്കു രണ്ടും പിടിച്ച് മുഖത്തു നോക്കി ഗൗരവത്തോടെ ശാസിച്ചു. പിന്നെ വളരെ മാസങ്ങൾക്കു ശേഷമാണ് ഈ പൈതൽ അപ്പനെയും അമ്മയെയും വീണ്ടും കണ്ടത്. ഇത്തരം സന്ദർഭങ്ങൾ മനുഷ്യമനസ്സിൽ ആഴമേറിയ മുറിവുകൾ സൃഷ്ടിക്കും.

ഹോസ്റ്റലുകളിൽ വളരുന്ന കുഞ്ഞുങ്ങളിൽ 'എന്നെ ആർക്കും വേണ്ട' എന്ന ചിന്ത രൂപപ്പെടാൻ സാദ്ധ്യതയുണ്ട്. ഹോസ്റ്റലുകളിലെ വാസം രഹസ്യപാപങ്ങളിൽ അവർ കുടുങ്ങുവാൻ ഇടയാക്കുന്നു. Hostels are homes of homosexuality. ഇന്നത്തെ ആധുനിക ജീവിതരീതികളാണ് ഡേ കെയർ സെന്ററു (Day Care Centre) കളും ഹോസ്റ്റലുകളും സൃഷ്ടിച്ചിരിക്കുന്നത്. സ്ത്രീകളും പുരുഷന്മാരും ജോലി ചെയ്യുന്നു. ആർക്കും സമയമില്ല. സമയരാഹിത്യം ഈ കാലഘട്ടത്തിന്റെ ഒരു പ്രത്യേകതയാണ്. മറ്റുള്ളവർക്ക് സ്നേഹം കൊടുക്കണമെങ്കിൽ സമയം ചിലവാകും. മറ്റുള്ള

(ശേഷം മൂന്നാം പേജിൽ)

ക്രമീകൃത വേദപഠനത്തിന് ഒരു അംഗീകൃത സ്ഥാപനം

**ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ്**

(ഒരു ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്ഥാപനം)

| കോഴ്സ് | കാലദൈർഘ്യം | യോഗ്യത | മാധ്യമം |
| --- | --- | --- | --- |
| ബാച്ചിലർ ഇൻ തിയോളജി | 3 വർഷം | +2, എച്ച്. എസ്. ഇ. | ഇംഗ്ലീഷ് |
| ഡിപ്ലോമ ഇൻ തിയോളജി | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |
| സർട്ടിഫിക്കറ്റ് ഇൻ തിയോളജി (സായാഹ്ന കോഴ്സ്) | 2 വർഷം | എസ്. എസ്. എൽ. സി | മലയാളം |

സവിശേഷതകൾ

ആത്മീയ അന്തരീക്ഷം
സുവിശേഷീകരണത്തിൽ പ്രായോഗിക പരിശീലനം
യോഗ്യതയും ആത്മനിറവുമുള്ള അധ്യാപകർ
പഠനാനന്തരം ശുശ്രൂഷയ്ക്കുള്ള അവസരങ്ങൾ
അയാട്ട (IATA) അംഗീകൃതം

പരിമിതമായ സീറ്റുകൾ. ഉടൻ അപേക്ഷിക്കുക

റഗുലർ ബാച്ചിൽ പഠിക്കുവാൻ കഴിയാത്ത ഉദ്യോഗസ്ഥർക്കും സുവിശേഷവേലയിൽ താല്പര്യമുള്ള കുടുംബസ്ഥർക്കും വേണ്ടി സി.റ്റി.എച്ച് സായാഹ്ന കോഴ്സ്.

അടുത്ത ബാച്ച് 2012 ജൂൺ ആദ്യവാരം ആരംഭിക്കുന്നു. പ്രോസ്പക്ടസിനും അപേക്ഷാഫോറത്തിനും കോളജുമായി ബന്ധപ്പെടുക.

Faith Celebration Bible College, Shanthy Nagar, Police Station Road, Adoor PO, Pathanamthitta, Kerala 691523, Ph. 04734 - 225213, 9961813058 E-Mail:- fcbcadur@yahoo.com, Website: www.indianchristianmission.com

വേദവിചാരം

## പ്രതിസന്ധികളിൽ പതറാതെ



**പാസ്റ്റർ ബിജു ബഞ്ചമിൻ**

ഹഗ്ഗായി പ്രവചനത്തിന്റെ പശ്ചാത്തലം എസ്രായുടെ പുസ്തകം 1 മുതൽ 4 വരെയുള്ള ഭാഗങ്ങളിൽ നമുക്ക് കാണുവാൻ കഴിയും. പ്രവാസത്തിൽ നിന്നും മടങ്ങിവന്ന യിസ്രായേൽ ജനം ദൈവാലയം പണിയുവാൻ ആരംഭിച്ചു. എന്നാൽ, സ്ഥലവാസികളായ ചിലരുടെ എതിർപ്പ് കാരണം പണി നിന്ന് പോയി. ദാര്യാവേശ് രാജാവിന്റെ വാഴ്ചയുടെ രണ്ടാം ആണ്ടിൽ ഹഗ്ഗായി പ്രവാചകന്റെ പ്രവചന വാക്കുകളാൽ പ്രേരിതരായി അവർ വീണ്ടും ആലയത്തിന്റെ പണി ആരംഭിച്ചു. അങ്ങനെ ബി.സി. 587ൽ യെരുശലേം പിടിക്കപ്പെട്ടപ്പോൾ ദൈവാലയം തകർത്തതിന് 70 വർഷങ്ങൾക്ക് ശേഷം B.C. 516ൽ ആലയത്തിന്റെ പണി പൂർത്തീകരിക്കപ്പെട്ടു. ഭൗമികവും രാഷ്ട്രീയവുമായ സംഭവങ്ങൾ കാരണം ആലയം ജനങ്ങളാൽ നിറയപ്പെടുമെന്നും ആലയത്തിന്റെ പിന്നത്തെ മഹത്വം മുമ്പിലേത്തതിലും വലുതായിരിക്കുമെന്നും ഹഗ്ഗായി പ്രസ്താവിക്കുന്നു. പ്രതിസന്ധിയിൽ തളർന്നു പോകാതെ ആലയത്തിന്റെ പണികളിൽ ധൈര്യത്തോടെ വ്യാപൃതരാകുവാനും ഹഗ്ഗായി ഉത്ബോധിപ്പിക്കുന്നു. ദൈവദാസനായ ഹഗ്ഗായിയുടെ വാക്കുകൾ കേട്ട് ജനം ആലയത്തിന്റെ പണി ആരംഭിച്ചു. പക്ഷേ കേവലം ഒരു മാസത്തിന്നുള്ളിൽ അവർ വീണ്ടും നിരാശിതരായി, വേല നിർത്തുവാൻ വരെ ആഗ്രഹിച്ചു. അവർക്കു വെല്ലുവിളി നൽകിക്കൊണ്ടും പ്രോത്സാഹിപ്പിച്ചുകൊണ്ടും ഹഗ്ഗായി പ്രവേശിക്കുന്നു (New Bible Commentary). വിവിധ പ്രതിസന്ധികളിൽ അടിപതറുന്ന നമുക്ക് ധൈര്യപ്പെടുവാനുള്ള സന്ദേശമായി ഈ വേദഭാഗം നിലകൊള്ളുന്നു. ഹഗ്ഗായി 2:1-11 വരെയുള്ള വാക്യങ്ങളിൽ നിരാശയുടെയും പ്രതിസന്ധിയുടെയും പർവ്വതങ്ങൾ മുന്നിൽ നിൽക്കുമ്പോൾ അവയെ അതിജീവിക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു.

**ദൈവശബ്ദം കേട്ട് ധൈര്യപ്പെടുക.** ശലോമോൻ നിർമ്മിച്ച മഹത്വപൂർണ്ണമായ ആലയം കണ്ടിട്ടുള്ള അനേകം ആളുകൾ അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. പഴയ ആലയത്തിന്റെ സുവർണ്ണ സ്മരണകളും ഇപ്പോൾ നിർമ്മിക്കുന്ന ആലയത്തിന്റെ നിസ്സാരത്വവും അവരെ നിരാശയിലാഴ്ത്തി. ഹഗ്ഗായി പ്രവാചകനിലൂടെ ദൈവം അവരോട് സംസാരിക്കുന്നു. ധൈര്യപ്പെടുക എന്ന ദൈവിക വാക്ക് അവരെ ഉറപ്പിക്കുന്നു. പ്രശ്നങ്ങളുടെ വേലിയേറ്റത്തിൽ ദൈവം നമ്മോട് പറയുന്ന ശക്തമായ വാക്കാണ് ധൈര്യപ്പെടുക എന്നുള്ളത്. മോശയുടെ മരണാനന്തരം യോശുവയെ ദൈവം ധൈര്യപ്പെടുത്തുന്നു (യോശുവ 1:7). കിടക്കമേൽ കിടന്ന പക്ഷവാതക്കാരനെ ചുമന്നുകൊണ്ടു വന്നവരുടെ വിശ്വാസം കണ്ടിട്ട് യേശു രോഗിയോട് പറഞ്ഞത് മകനെ ധൈര്യമായിരിക്കുക എന്നാണ് (മത്തായി 9:2). കടലിന്മേൽ നടക്കുന്ന യേശുവിനെക്കണ്ട് ഭയപ്പെട്ട ശിഷ്യന്മാരോട് യേശു ധൈര്യപ്പെടുക എന്നു പറയുന്നു (മർക്കൊസ് 6:50). ദൈവശബ്ദം നാം കേൾക്കുന്നത് ദൈവവചനത്തിലൂടെ യും, ദൈവദാസന്മാരിലൂടെയുമാണ്. ദൈവം നേരിട്ടും നമ്മോട് സംസാരിക്കും. ആ വാക്കുകൾ ശക്തമാണ്. ലോകത്തിലെ മറ്റേത് വാക്കുകളെക്കാളും വിശ്വസനീയമാണ്. പ്രതിസന്ധികളിൽ അത് നമ്മെ നിലനിർത്തും.

**നമ്മെ ഏൽപ്പിച്ച ജോലി ചെയ്യുക.** ആലയത്തിന്റെ പണിക്ക് നിയോഗിക്കപ്പെട്ടവർ മാനുഷിക വാക്കുകളാൽ തകർന്നു പോയി. ഈ പ്രവൃത്തി തങ്ങളാൽ പൂർത്തീകരിക്കപ്പെടുവാൻ കഴിയില്ല എന്നവർ കരുതി. അത് ഉപേക്ഷിക്കുവാൻ വരെ മനസ്സു വച്ചു. പിൻതിരിയുകയല്ല ഉറച്ച് നിന്ന് പണിയുകയാണ് അഭികാമ്യം എന്ന് ഹഗ്ഗായി പ്രസ്താവിക്കുന്നു. നിരാശ നമ്മിൽ നിറയുമ്പോൾ ഏൽപ്പിക്കപ്പെട്ട ജോലികളും ഉത്തരവാദിത്വങ്ങളും ഉപേക്ഷിച്ചു പോകുവാൻ നാം ശ്രമിക്കുന്നു. അത് പ്രശ്ന പരിഹാരം നൽകുകയില്ല. പ്രതിസന്ധിയിൽ ഉറച്ചു നിൽക്കുമ്പോൾ അതിനെ അതിജീവിക്കുവാനുള്ള കൃപയും ദൈവം നമുക്ക് നൽകും. ഓടി മാറുന്നവർ പരാജയപ്പെടുകയും ചെയ്യും.

ദൈവത്തിൽ ആശ്രയിക്കുക. പ്രതിസന്ധിയിൽ ഏറ്റവും ഒഴിച്ചുകൂടാനാവാത്ത ഘടകമാണ് ദൈവാശ്രയം. യിസ്രായേൽ എപ്പോഴെല്ലാം ദൈവത്തിൽ ആശ്രയിച്ചുവോ, അപ്പോഴെല്ലാം വിടുവിക്കപ്പെട്ടു. മനുഷ്യരിലാശ്രയിക്കുന്നത് വ്യർത്ഥമാണെന്ന് വചനം പറയുന്നു. യഹോവ നല്ലവനും കഷ്ടദിവസത്തിൽ ശരണവുമാകുന്നു. തങ്കൽ ആശ്രയിക്കുന്നവരെ അവൻ അറിയുന്നു (നഹും 9:7). പ്രതിസന്ധികളിൽ നമുക്ക് കർത്താവിൽ ആശ്രയിക്കാം.

**ദൈവിക പദ്ധതിയിൽ വിശ്വസിക്കുക.** ദൈവം നമുക്ക് വേണ്ടി ഒരുക്കുന്ന പദ്ധതികൾ അനിർവ്വചനീയമാണ്. പ്രതിസന്ധികളിൽ കൂടി കടന്നുപോകുമ്പോൾ ഇത് നാം പലപ്പോഴും മറന്നുപോകുന്നു. അങ്ങനെ നാം മാനസികവും ശാരീരികവുമായ പിരിമുറുക്കങ്ങളിലും പ്രശ്നങ്ങളിലും എത്തിച്ചേരുന്നു. ഇപ്പോഴത്തെ പ്രശ്നങ്ങൾ നൈമിഷികമാണെന്നും ഭാസുരമായ ഭാവി ദൈവം നമുക്കു വേണ്ടി ഒരുക്കുന്നുവെന്നും വിശ്വസിക്കുവാൻ നമുക്ക് സാധിക്കണം. അത് നമ്മെ വിജയത്തിലേക്ക് എത്തിക്കുവാനിടയാകും. ദൈവം മാനുഷികമായ നിലവാരങ്ങളിൽക്കൂടി അമാനുഷികമായത് നമുക്ക് വേണ്ടി പ്രവർത്തിക്കും. നാം അത് വിശ്വസിക്കണം.

പ്രതിസന്ധികൾ നമ്മുടെ സഹചാരികളാണ്. ഇതിൽ നിന്ന് ഒഴിഞ്ഞിരിക്കുവാനാണ് നാം പലപ്പോഴും ആഗ്രഹിക്കുന്നതും പ്രവർത്തിക്കുന്നതും. ദൈവഹിതത്തിന് എതിരായ അനവധി കാര്യങ്ങളിലേക്ക് അത് നമ്മെ എത്തിക്കുന്നു. ജീവിതത്തിന്റെ പരാജയമാണ് അതിന്റെ ഫലം. എന്നാൽ ദൈവാശ്രയം നമ്മെ വിജയത്തിലേക്കെത്തിക്കുന്നു. അവിടെ ദൈവിക കരുതലും, സ്നേഹവും, അത്ഭുതങ്ങളും കാണുവാൻ നമുക്ക് കഴിയുന്നു. ജീവിതത്തിന്റെ സകല മേഖലകളിലും അത് സ്വാധീനം ചെലുത്തുന്നു.

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*